LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

151(3583) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാന്റെക്സ് കൈത്തറി സഹകരണ സംഘങ്ങൾക്ക് 15 കോടിയോളം രൂപ കുടിശ്ശികയായി നൽകാനുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാന്റെക്സ് കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും തുണി സംഭരിച്ച വകയിൽ 15 കോടിയോളം രൂപ കുടിശ്ശികയുണ്ട്. 2018-ലും 2019-ലും ഉണ്ടായ പ്രളയവും തുടർന്നുണ്ടായ കോവിഡ്-19 മഹാമാരിയുംമൂലം ഹാന്റെക്സിന്റെ വിൽപ്പനയിൽ 50% ത്തോളം കുറവ് സംഭവിച്ചിട്ടുണ്ട്. വരും സീസണുകളിൽ വിൽപ്പന വർദ്ധിപ്പിക്കുന്നതിലൂടെ കുടിശ്ശിക ക്രമേണ കുറച്ച് കൊണ്ടുവരാൻ സാധിക്കും.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്ഥലം ഉപയോഗപ്പെടുത്താൻ നടപടി

152(3584) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ദേശീയ ഹൈവേ 66-നോട് ചേർന്ന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന് എത്ര ഏക്കർ സ്ഥലമുണ്ട്?

കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ഉദുമ ടെക്സ്റ്റൈൽ മിൽസിന്റെ കൈവശം 23.83 ഏക്കർ സ്ഥലമുണ്ട്.

(ബി) പ്രസ്തുത സ്ഥലം വർഷങ്ങളായി ഉപയോഗിക്കാതെ വൃത്തിഹീനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സ്പിന്നിംഗ് മിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടപ്പുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

ഉദുമ ടെക്സ്റ്റൈൽസിന്റെ കൈവശം ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയില്ല. ജില്ലയിൽ 1000 ഏക്കറോളം സ്ഥലം റവന്യൂ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗശൂന്യമായി കിടപ്പുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥലം ഏതെങ്കിലും വ്യവസായത്തിന് ഉപയുക്തമാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ആലോചിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ മടിക്കൈയിൽ 99 ഏക്കർ റവന്യൂ ഭൂമി വ്യവസായ വകുപ്പിന് അഡ്വാൻസ് പൊസഷൻ വഴി കൈമാറി കിട്ടിയിട്ടുണ്ട്. ചീമേനിയിൽ 100 ഏക്കർ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

കുന്നത്തറ ടെക്സ്റ്റൈൽസ്

153(3585) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ വിലകൂടിയ ഭൂമിയും മറ്റ് കെട്ടിടങ്ങളും കോടതി ലിക്വിഡേറ്റ് ചെയ്തതിനാൽ നാമമാത്രമായ വിലയിൽ ആയത് വിൽക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കടബാധ്യത എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് പ്രകാരം സ്ഥാപനത്തിന്റെ നിലവിലെ ബാദ്ധ്യത ചുവടെ ചേർക്കുന്നു.

Workment Creditors - 7,10,81,891.50 രൂപ, Workment(Badalies)- 96,381 രൂപ, Preferential Creditors - 17,23,324 രൂപ, Unsecured Creditors -3,77,02,715 രൂപ, ആകെ- 11,06,04,311.50 രൂപ.

LIBRARY ARCHIVES Kerala Legislative Assembly